"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സ്റ്റോർസ് പർച്ചേസ് വകുപ്പ് - **Advanced High Resolution Thermal CTP Plate Setter and advanced workflow software** വാങ്ങുന്നതിന് കേരള ബുക്ക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റിയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സ്റ്റോർസ് പർച്ചേസ് (സി) വകുപ്പ്**

സ.ഉ.(സാധാ) നം.59/2024/SPD തീയതി,തിരുവനന്തപുരം, 18-06-2024

---

പരാമർശം:-
1. കേരള ബുക്ക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റി മാനേജിംഗ് ഡയറക്ടറുടെ 06/12/2022-തീയതിയിലെ പി1-3516/2022/4897 നമ്പർ കത്ത്.
2 കേരള ബുക്ക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റി മാനേജിംഗ് ഡയറക്ടറുടെ 30/05/2023-തീയതിയിലെ പി1-3516/2023/2485 നമ്പർ കത്ത്.
3. കേരള ബുക്ക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റി മാനേജിംഗ് ഡയറക്ടറുടെ 06/03/2024-തീയതിയിലെ പി1-3516/2023/1188 നമ്പർ കത്ത്.

**ഉത്തരവ്**

കേരള ബുക്ക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റിയ്ക്ക് **Advanced High Resolution (4000 dpi) Thermal CTP Plate Setter and advanced workflow software** വാങ്ങുന്നതിനുള്ള പ്രൊപ്പോസൽ പരാമർശം (1) പ്രകാരം മാനേജിംഗ് ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്. മെഷീൻ വാങ്ങുന്നതിന് KBPS-ന്റെ 165-മത് ഗവേണിംഗ് ബോഡി അനുമതി നൽകിയിട്ടുണ്ട് എന്നും, ഉയർന്ന റെസൊല്യൂഷൻ ഉള്ള തെർമൽ പ്ലേറ്റ് സെറ്ററും സോഫ്റ്റ് വെയറും, കെബിപിഎസിന്റെ തനത് ഫണ്ട് വിനിയോഗിച്ച് വാങ്ങുന്നതിനാണ് ശുപാർശ ചെയ്തിട്ടുള്ളത്.

2. സ്റ്റോർ പർച്ചേസ് മാനുവൽ അനുബന്ധം 1 ഉൾപ്പെട്ട സ്വയംഭരണ സ്ഥാപനമാണ് കേരള ബുക്സ് ആൻഡ് പബ്ലിക്കേഷൻ സൊസൈറ്റി. സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയ്ക്ക് സ്റ്റോറുകൾ, മെറ്റീരിയലുകൾ, മെഷിനറികൾ, ഉപകരണങ്ങൾ, വാഹനങ്ങൾ മുതലായ എല്ലാ ഇനങ്ങളും വാങ്ങുന്നതിന് സ്റ്റോർ പർച്ചേസ് നിയമങ്ങളും നിർദ്ദേശങ്ങളും ബാധകമാണ്.

3. കെബിപിഎസ്സിന്റെ ആധുനികവത്കരണം അടിയന്തരമായി നടപ്പിലാക്കുന്നതിനും കൂടാതെ ഭാഗ്യക്കുറി ടിക്കറ്റുകളുടെ അച്ചടിയിൽ കൂടുതൽ സൂക്ഷ്മമായ സുരക്ഷാസംവിധാനങ്ങൾ അച്ചടിയിൽ ഉൾപ്പെടുത്തുന്നതിന്റെയും ഭാഗമായി **Advanced High Resolution (4000 dpi) Thermal CTP Plate Setter and**

**advanced workflow software** അത്യന്താപേക്ഷിതമാണെന്നും, തെർമൽ പ്ലേറ്റ് സെറ്റർ ഉപയോഗിക്കുന്ന പക്ഷം രാസദ്രവ മാലിന്യം ഒഴിവാക്കാൻ സാധിക്കുമെന്നും, കൂടാതെ ലോട്ടറി ടിക്കറ്റ് പ്രിന്റ് ചെയ്യുന്നതിനായി ഉപയോഗിച്ചിരുന്ന ഹാരിസ് വെബ് ഓഫ്സെറ്റ് പ്രിന്റിങ് മെഷിൻ ഓവർ ഹോളിങ് ജോലികൾ കഴിഞ്ഞു പ്രവർത്തനസജ്ജമായിരിക്കുന്നതിനാൽ നിലവിൽ ഉപയോഗിക്കുന്ന **CTP** മെഷീന് വർക്ക് ലോഡ് കൂടുന്ന സാഹചര്യമുണ്ടാകുമെന്നും, **12** വർഷം പഴക്കമുള്ള പ്രസ്തുത മെഷീന് ഈ ഓവർലോഡ് താങ്ങാൻ കഴിയില്ലെന്നും മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**4.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, **81,60,000/-** രൂപയ്ക്ക് **(without tax)** (എൺപത്തിയൊന്ന് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) **Advanced High Resolution (4000dpi) Thermal CTP Plate Setter and advanced workflow software** വാങ്ങുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

**5.** ആയതിലേയ്ക്കുള്ള ചെലവ് കേരള ബുക്ക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റിയുടെ **(KBPS)** തനത് ഫണ്ടിൽ നിന്നും കണ്ടെത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സ്മിത എസ്
ജോയിന്റ് സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള ബുക്ക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റി, എറണാകുളം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.
സ്റ്റോർസ് പർച്ചേസ് (ബി) വകുപ്പ് (No. SPD-B3/83/2023-SPD dt 06/10/2023)
വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Seetha K M
Date: 18-06-2024 11:35:38

സെക്ഷൻ ഓഫീസർ